## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3081 — 20.6.2014-ൽ മറുപടിക്ക്

### കായംകുളം നഗരസഭയിലെ മാലിന്യ നിർമ്മാർജ്ജനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. സി.കെ.സദാശിവൻ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) | കായംകുളം നഗരസഭയിൽ പകർച്ചവ്യാധി നിയന്ത്രണപരിപാടികളുടെ ഭാഗമായി മാലിന്യ നിർമ്മാർജ്ജനത്തിനും പരിസര ശുചീകരണത്തിനും പ്രാധാന്യം നൽകുന്ന തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ; | എ) | ടൗണിലെ എല്ലാ ഓടകളും നഗരസഭാജീവനക്കാരെ ഉപയോഗിച്ച് വൃത്തിയാക്കിയും കുടുംബശ്രീ അയൽകൂട്ട പ്രവർത്തകരെ ഉപയോഗിച്ച് കൊതുകുകളുടെ ഉറവിട നശീകരണം, ക്ലോറിനേഷൻ, ബോധവൽക്കരണം എന്നിവ നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ നഗരസഭയിൽ മാലിന്യ സംസ്ക്കരണ ത്തിലേക്കായി ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹനം നൽകിയിട്ടുള്ള പ്രവർത്തനങ്ങളാണ് അവലംബിക്കുന്നത്. ഉറവിട മാലിന്യ സംസ്കരണ പദ്ധതി പ്രകാരം ശുചിത്വമിഷന്റെ സഹായത്തോടെ ബയോഗ്യാസ് പ്ലാന്റും, പൈപ്പ് കമ്പോസ്റ്റും വീടുകളിൽ സ്ഥാപിച്ചു. നിലവിലുള്ള പ്രശ്നം പരിഹരിക്കുന്നതിന് പുതിയ ഖരമാലിന്യ സംസ്കരണ പ്ലാന്റിനായി 5 ഏക്കർ സ്ഥലം ഏറ്റെടുക്കാനും അവിടെ പ്ലാന്റ് പണിയുന്നതിനായി അനുമതിയും സാമ്പത്തിക സഹായവും നഗരസഭയ്ക്ക് നൽകിയിട്ടുണ്ട്. |
| ബി) | കായംകുളം പട്ടണത്തിന്റെ ഹൃദയഭാഗ ത്തുകൂടി ഒഴുകുന്ന കരിപ്പുഴ കനാൽ മാലി ന്യങ്ങൾ നിറഞ്ഞ് പകർച്ചവ്യാധി ഭീഷണി ഉയർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) | എങ്കിൽ ഇതിന് പരിഹാരം കണ്ടെത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ? | സി) | കുരീപ്പുഴതോട് മേജർ ഇറിഗേഷൻ വകുപ്പിന്റെ നിയന്ത്രണത്തി ലുള്ളതാണ്. ഇക്കാര്യത്തിൽ വേണ്ട നടപടികൾ കൈക്കൊള്ളാൻ നഗരസഭാ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ